©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST ENVIRONMENT AND TOURISM)**

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ട പ്രകാരമുള്ളത്]**

2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്

(Presented on 11th of September, 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി X

## (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST ENVIRONMENT AND TOURISM)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1098/2023.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X
## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (2021-2023)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. എ. കെ. ശശീന്ദ്രൻ

വനം വന്യജീവി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ.യു ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ് സുപാൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിലെ മേജർ ഹെഡ് 2215-02-106-വായു, ജല മലിനീകരണം തടയൽ, മേജർ ഹെഡ് 2215-02-190-98 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ ശീർഷകങ്ങൾ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിലെ മേജർ ഹെഡ് 3435 എക്കോളജിയും എൻവയോൺമെന്റും എന്ന ശീർഷകവും ഉൾപ്പെട്ട സബ്ജക്ട് കമ്മിറ്റി X-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ 27-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുമായി ബന്ധപ്പെട്ട് ആകെ 34 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ 2023 ആഗസ്റ്റ് 10-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ടിൽ സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2023 ആഗസ്റ്റ് 10-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ. കെ. ശശീന്ദ്രൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,

2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2021-23)-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

**ധനാഭ്യർത്ഥന നമ്പർ XXXIV — വനം-വന്യജീവി വകുപ്പ്**

ശിപാർശ

2406-01-004-92 —വിഭവ ആസൂത്രണവും ഗവേഷണവും

വിവിധ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളും മാനേജ്മെന്റ് പ്ലാനുകളും തയ്യാറാക്കുകയും പരിഷ്കരിക്കുകയും ചെയ്യുക, ശാസ്ത്രീയമായ വനപരിപാലനം, ഫീൽഡ് സർവ്വെ, വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുക, മുതലായ പ്രവർത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -1)

സർക്കാർ സ്വീകരിച്ച നടപടി

2406-01-004-92—വിഭവ ആസൂത്രണവും ഗവേഷണവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 99.540 ലക്ഷം രൂപയിൽ 99.523 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

2406-01-101-81— വന സംരക്ഷണം

വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവർത്തികൾ എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക,

പുനരുദ്ധരിക്കുക തുടങ്ങിയ മാനദണ്ഡങ്ങളിലൂന്നിയുള്ള കാട്ടുതീ സംരക്ഷണ പ്രവൃത്തികളായ ഫയർ ലൈനുകളുടെ നിർമ്മാണവും പരിപാലനവും, കാട്ടുതീ സംരക്ഷണ ഉപകരണങ്ങൾ വാങ്ങൽ, വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായധനം, ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം, വകുപ്പിനു കീഴിലുള്ള 22 പഴയ വാഹനങ്ങൾക്കുപകരം പുതിയ ഫോർവീൽ ഡ്രൈവ് വാഹനം വാങ്ങൽ തുടങ്ങിയ പ്രവർത്തികൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -3)

സർക്കാർ സ്വീകരിച്ച നടപടി

2406-01-101-81—വന സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 2591.990 ലക്ഷം രൂപയിൽ 2187.576 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. 29-3-2023-നാണ് 408 ലക്ഷം രൂപ റിലീസ് ചെയ്തത് എന്നതിനാൽ പ്രസ്തുത തുക ട്രഷറി നിയന്ത്രണങ്ങൾ മൂലം പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

2406-01-800-57— ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും

വനം വകുപ്പിന്റെ സേവനങ്ങളിലും കണക്ടിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതിക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -4)

സർക്കാർ സ്വീകരിച്ച നടപടി

2406-01-800-57— ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 93.00 ലക്ഷം രൂപയിൽ 92.958 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

2406-01-800-56 — മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ അതിന് വഴി വയ്ക്കുന്ന അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും ലഘൂകരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മസേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക, ഭൂവിനിയോഗത്തെ സംബന്ധിച്ചും, അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, പൊതുജന സഹായത്തോടുകൂടിയ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതോടൊപ്പം 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന 620 കോടി രൂപയുടെ സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിനായും നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 149.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

സർക്കാർ സ്വീകരിച്ച നടപടി

2406-01-800-56— മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 2500.00 ലക്ഷം രൂപയിൽ 2431.706 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച് കിട്ടിയിട്ടില്ല.

ശിപാർശ

2406-01-800-55 — സാമൂഹിക വന വിപുലീകരണവും കാർഷിക വനവത്ക്കരണവും

(01) - വന വിപുലീകരണം

വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ആവശ്യകതയുടെ പ്രചരണാർത്ഥം തൈകളുടെ ഉത്പാദനവും വിതരണവും, നക്ഷത്രവനങ്ങൾ നട്ടുപിടിപ്പിക്കൽ, നഗരവനവത്കരണം, വിദ്യാഭ്യാസാധിഷ്ഠിത വനവത്ക്കരണം, ഔഷധത്തോട്ടങ്ങളുടെ പരിപാലനം,

ജലാശയങ്ങളുടെ സംരക്ഷണം, തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കൂട്ടായ പദ്ധതികൾ ആവിഷ്ക്കരിക്കൽ, സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പ്രധാന പദ്ധതിയായ വനേതര പ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, കണ്ടൽക്കാടുകൾ, തീരവനം പദ്ധതി, വിവിധ വനവൽക്കരണ പ്രവർത്തികൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പുസാമ്പത്തികവർഷം ലക്ഷ്യമിടുന്നതെന്നും എന്നാൽ ബഡ്ജറ്റ് വിഹിതം പദ്ധതി നടത്തിപ്പിനായി അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിലേയ്ക്ക് 8 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -6)

സർക്കാർ സ്വീകരിച്ച നടപടി

2406-01-800-55—സാമൂഹിക വനവിപുലീകരണവും കാർഷിക വനവത്ക്കരണവും (01) - വനവിപുലീകരണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 620.00 ലക്ഷം രൂപയിൽ 617.214 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

2406-02-110-68 — ജൈവ വൈവിധ്യ സംരക്ഷണം

വനം വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നതിന് ലക്ഷ്യമിടുന്നത്. ഈ വർഷത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ മുഴുവൻ നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -7)

സർക്കാർ സ്വീകരിച്ച നടപടി

2406-02-110-68—ജൈവവൈവിധ്യ സംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 620.00 ലക്ഷം രൂപയിൽ 619.656 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

കൂടാതെ, വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിലെ കേന്ദ്ര വിഹിതം, ജൈവവൈവിദ്ധ്യ സംരക്ഷണം ഉൾപ്പെടെയുള്ള പദ്ധതി നിർവ്വഹണത്തിന് കുറവുവരുത്തുന്നതായി കാണുന്നു. അതുമൂലം അനുവദിക്കപ്പെടുന്ന സംസ്ഥാന വിഹിതത്തിലും വർഷാവസാനം കുറവുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നു. വനസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ പ്രവർത്തികൾക്ക് ഫണ്ട് മതിയാകാത്ത സാഹചര്യത്തിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി അനുവദിക്കുന്ന സംസ്ഥാന വിഹിതത്തിൽ കുറവുവന്നാൽ കൂടി സംസ്ഥാന വിഹിതത്തിൽ വരുന്ന കുറവ് അധിക ധനവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -8)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

2406-02-110-48 — പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ കേന്ദ്രം

നിലവിലുള്ള തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്നതാണ് മേൽ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പു വർഷം ജൂലൈ മുതൽ സൊസൈറ്റിയായി പ്രവർത്തനം ആരംഭിക്കുന്ന പ്രസ്തുത പാർക്കിൽ 83 തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനായി നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.75 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -9)

സർക്കാർ സ്വീകരിച്ച നടപടി

2406-02-110-48 — പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ കേന്ദ്രം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്തു നൽകിയ 143.820 ലക്ഷം രൂപയിൽ 51.216 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

2406-02-110-29 — കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം

തിരുവനന്തപുരം കാപ്പുകാട് ആന പുനരധിവാസ കേന്ദ്രത്തെ ലോകോത്തര നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത കേന്ദ്രത്തിൽ പുതുതായി 82 തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ചെലവുകളും അതോടൊപ്പം ആനകളുടെ പരിപാലനം തുടങ്ങിയ നിരവധി പ്രവർത്തികൾ ലക്ഷ്യമിടുന്ന നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.375 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -10)

സർക്കാർ സ്വീകരിച്ച നടപടി

2406-02-110-29—കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 62.00 ലക്ഷം രൂപയിൽ 61.912 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

4406-01-070-99 — റോഡുകൾ

വനപാതകൾ മെച്ചപ്പെടുത്തി വനം വകുപ്പിലെ ജീവനക്കാരുടെ സഞ്ചാരം സുഗമമാക്കി വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം റീ-ടാറിംഗ്, കോൺക്രീറ്റിംഗ് ക്രോസ്-ഡ്രെയിനേജ് ജോലികൾ, സൈഡ് ഡ്രെയിനേജ്, സംരക്ഷണ ഭിത്തികൾ എന്നിവയും നടപ്പുവർഷം പൂർത്തീകരിക്കേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -11)

സർക്കാർ സ്വീകരിച്ച നടപടി

4406-01-070-99—റോഡുകൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 242.00 ലക്ഷം രൂപയിൽ 241.789 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

4406-01-070-97 — കെട്ടിടങ്ങൾ

ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ്, പിക്കറ്റ് സ്റ്റേഷൻ, ചെക്ക്പോസ്റ്റ്, വാസസ്ഥലങ്ങൾ മുതലായവയുടെ നിർമ്മാണം നിലവിലുള്ളവയുടെ ആധുനികവൽക്കരണം, ഡിപ്പോ ഓഫീസ്, ഹോസ്റ്റൽ, സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, വയർലെസ് ടവർ എന്നിവയുടെ നിർമ്മാണം, പ്രളയക്കെടുതിയിൽ തകർന്ന ഫോറസ്റ്റ് കെട്ടിടങ്ങളുടെ പുനരുദ്ധാരണം, വാളയാർ ഫോറസ്റ്റ് ട്രെയിനിംഗ് സെന്ററിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം, വനം വകുപ്പ് ആസ്ഥാനത്തെ സെൻട്രൽ ലൈബ്രറിയുടെ ആധുനികവൽക്കരണം, മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഓഫീസിനുള്ള പുതിയ കെട്ടിടനിർമ്മാണം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പുവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പ്രസ്തുത പ്രവർത്തികൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -12)

സർക്കാർ സ്വീകരിച്ച നടപടി

4406-01-070-97—കെട്ടിടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 256.120 ലക്ഷം രൂപയിൽ 255.852 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

4406-01-101-99 — വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും)

01— വനസംരക്ഷണം

വനാതിർത്തികൾ തിരിച്ചും മറ്റ് കൈയ്യേറ്റങ്ങൾ തടഞ്ഞും വനസംരക്ഷണം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും ചുറ്റുമതിലുകളുടെയും നിർമ്മാണം, ജണ്ടകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വെള്ളപ്പൊക്കംമൂലം അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളുടെ അറ്റകുറ്റപ്പണികളും ഇതിന്റെ

തുടർ പ്രവർത്തനങ്ങളാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ 5 കോടി രൂപ നടപ്പു വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -13)

സർക്കാർ സ്വീകരിച്ച നടപടി

4406-01-101-99—വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 1722.280 ലക്ഷം രൂപയിൽ 1714.695 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

4406-01-105-87(01) — തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ - വന്മരത്തോട്ടങ്ങൾ

വൻമരതോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നീ പ്രവർത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -14)

സർക്കാർ സ്വീകരിച്ച നടപടി

4406-01-105-87(01)—തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ- വൻമര ത്തോട്ടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 386.100 ലക്ഷം രൂപയിൽ 385.494 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ശിപാർശ

2406-01-004-95 — വനഗവേഷണത്തിന് വനവികസന ഫണ്ടിൽ നിന്നുള്ള ചെലവ്

വന ഗവേഷണത്തിനുവേണ്ടി വിവിധ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾക്ക് അനുവദിച്ച ഗവേഷണ പദ്ധതികൾക്കുള്ള ചെലവുകൾക്കായി നടപ്പുവർഷം വകയിരുത്തി യിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു.

<u>ആയതിനാൽ ഈ ശീർഷകത്തിൽ 61.4657 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2406-01-004-95 — വനഗവേഷണത്തിന് വനവികസന ഫണ്ടിൽ നിന്നുള്ള ചെലവ് എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 1464.280 ലക്ഷം രൂപയിൽ 1112.849 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

12-7-2022-ലെ ജി.ഒ.(ആർ.റ്റി.) നം. 5017/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-105-99 — <u>സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്</u>

പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവർത്തികളിലൂടെ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2406-01-105-99 —സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 3750.00 ലക്ഷം രൂപയിൽ 3696.483 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

23-1-2023-ലെ ജി.ഒ.(ആർ.റ്റി.) നം. 526/2023/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-105-94 —<u>കന്നുകാലികൾ</u>

വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വന്യജീവി പുനരധിവാസ പരിപാലന കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ പരിചരണ സംരക്ഷണങ്ങൾക്കും, മൃഗപരിപാലകരുടെ ശമ്പളം, മൃഗങ്ങൾക്കുള്ള തീറ്റ എന്നിവയ്ക്കുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് <u>3.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2406-01-105-94—കന്നുകാലികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 773.190 ലക്ഷം രൂപയിൽ 726.38 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

24-3-2023-ലെ ജി.ഒ.(ആർ.റ്റി.) നം. 2418/2023/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 223.19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-800-92 —<u>വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം</u>

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, കൃഷി, വാസസ്ഥലം മുതലായവ നഷ്ടപ്പെട്ടവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 6 <u>കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക -18)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയ 223.00 ലക്ഷം രൂപയിൽ 222.484 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

28-12-2022-ലെ ജി.ഒ.(ആർ.റ്റി.) നം. 8844/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന 1.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XXXIV

## കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

ശിപാർശ

2406-02-110-59-31—സഹായധനം-ശമ്പളം

ബോർഡിലെ ജീവനക്കാരുടെ ശമ്പളം, അവധി ശമ്പളം, എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 85.43 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -19)

സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - 2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി 2406-02-110-59-31 നോൺ പ്ലാൻ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 79.20 ലക്ഷം രൂപയ്ക്ക് പുറമെ അഡീഷണൽ ആതറൈസേഷൻ വഴി 15-12-2022-ലെ സ.ഉ.(സാധാ) നം. 96/2022/പരി. നമ്പർ ഉത്തരവ് പ്രകാരം 34,83,000 രൂപയും 1-3-2023-ലെ സ.ഉ.(സാധാ) നം. 15/2023/പരി. നമ്പർ ഉത്തരവ് പ്രകാരം 22,47,000 രൂപയും (അൻപത്തിയേഴ് ലക്ഷത്തി മുപ്പതിനായിരം രൂപ) അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. ഇപ്രകാരം 2406-02-110-59-31 എന്ന ശീർഷകത്തിൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി ആകെ 1,36,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2406-02-110-59-36—സഹായധനം-ശമ്പളേതരം

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ കെട്ടിടവാടക, വാട്ടർചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 18.18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 20 )

സർക്കാർ സ്വീകരിച്ച നടപടി

അധിക ധന സഹായം അനുവദിച്ച് നൽകിയിട്ടില്ല

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ശിപാർശ

3435-04-103-96— കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പൊതുജന ബോധവൽക്കരണം, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും, കഴിവുകൾ വികസിപ്പിക്കൽ എന്നീ പദ്ധതികൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക പദ്ധതി നിർവ്വഹണത്തിന് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.96 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 21)

സർക്കാർ സ്വീകരിച്ച നടപടി

അധിക ധന സഹായം അനുവദിച്ച് നൽകിയിട്ടില്ല.

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

ശിപാർശ

3435-60-800-99 —പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ആവശ്യത്തിനായി അനെർട്ട് മുഖേന കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനങ്ങളുടെ വാടക നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 22)

സർക്കാർ സ്വീകരിച്ച നടപടി

അധിക ധന സഹായം അനുവദിച്ച് നൽകിയിട്ടില്ല.

**ധനാഭ്യർത്ഥന നമ്പർ XLII- വിനോദസഞ്ചാരം**

<u>ശിപാർശ</u>

3452-01-102-95— പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം

മൂന്നാർ, തൃശ്ശൂർ, വാഗമൺ എന്നിവിടങ്ങളിലെ ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇവയുടെ പ്രചരണത്തിനും പരിശീലന പരിപാടികൾക്കും ഭരണാനുമതി നൽകിയ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ <u>ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെടേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല.

<u>ശിപാർശ</u>

3452-80-104-98 —ടൂറിസം - വിപണനവും പ്രോത്സാഹനവും
34-3 - മറ്റു ചെലവുകൾ -മറ്റിനം

കേരളം, വിനോദസഞ്ചാര രംഗത്ത് നിരവധി വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. 2018- ലെ പ്രളയവും 2019-ലെ നിപ്പ വൈറസിന്റെ ആക്രമണവും 2020- ൽ ആരംഭിച്ച് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന കോവിഡ് -19 മഹാമാരി എന്നിവ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടി ഉണ്ടാക്കിയിരുന്നു. ഇത് മറികടക്കുവാൻ ശക്തമായ പ്രചരണ പരിപാടികൾ നടത്തേണ്ടതുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 69 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമായിരുന്നില്ല. ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ തുക ധനകാര്യ വകുപ്പിൽ നിന്നുള്ള സീലിങ് കാരണം പൂർണമായി വിനിയോഗിക്കാൻ കഴിഞ്ഞിരുന്നില്ല.

ശിപാർശ

3452-80-104-89 —ഉത്തരവാദിത്ത വിനോദസഞ്ചാരം

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളും നേട്ടങ്ങളും അന്തർദേശീയ തലത്തിൽ ശക്തമായി മാർക്കറ്റ് ചെയ്യേണ്ടതായിട്ടുള്ളതിനാലും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധികളിലും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 24.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 25)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന തുക ലഭ്യമാകാത്തതിനാൽ പ്രസ്തുത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിവന്നു.

ശിപാർശ

3452-80-800-90 —വിനോദസഞ്ചാര വകുപ്പിന്റെ മറ്റു പദ്ധതികൾ
(26) —സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം
33 —സബ്സിഡികൾ

ടൂറിസം മേഖലയിലെ തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന Tourism Employment Support Scheme എന്ന വായ്പാ പദ്ധതിയുടെ സബ്സിഡി പലിശ, ഇലക്ട്രിസിറ്റി/സബ്സിഡി, മൂലധന സബ്സിഡി എന്നിവ നൽകുന്നതിന് നടപ്പുവർഷം 25 കോടി രൂപ ആവശ്യമുണ്ട്. കൂടാതെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം മേഖലയിലെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കുന്നതിനായി 20 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 29 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 26)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ഉൾപ്പെടുത്തി സബ്സിഡികൾ അനുവദിയ്ക്കേണ്ട സാഹചര്യം ഉണ്ടാകാത്തതിനാൽ ആവശ്യപ്പെട്ടിരുന്ന തുക അനിവാര്യമായിരുന്നില്ല.

ശിപാർശ

3452-80-800-20 — ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന നൂതന സംരംഭമായ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ സമ്മാന തുക, മത്സരങ്ങളുടെ സംപ്രേഷണം, സ്പോൺസർഷിപ്പുകൾ, പശ്ചാത്തലം ഒരുക്കൽ എന്നിവയ്ക്കായി വരും വർഷങ്ങളിൽ വൻചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 27)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന തുകയുടെ വിനിയോഗം അനിവാര്യമല്ലാതിരുന്നതിനാൽ അധിക തുക ആവശ്യപ്പെട്ടിരുന്നില്ല.

ശിപാർശ

5452-01-101-99 —അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

34-3 — മറ്റു ചെലവുകൾ - മറ്റിനം

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം ഹബ്ബ്, പിൽഗ്രിം ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 67.86 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 28)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന തുക അധികമായി അനുവദിച്ചിരുന്നില്ല.

ശിപാർശ

5452-01-190-99 —കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

കോവിഡ് നിമിത്തം പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ തനത് ഫണ്ട് കണ്ടെത്തി ഭരണാനുമതി ലഭിച്ച പദ്ധതികൾ പൂർത്തീകരിക്കുവാൻ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 11.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 29)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

5452-01-800-84 —മുസിരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

ആലപ്പുഴ, തലശ്ശേരി, മുസിരിസ്, തിരുവിതാംകൂർ എന്നീ പൈതൃക പദ്ധതികൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 68 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 30)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 150 ലക്ഷം രൂപ കൂടി ലഭ്യമായിരുന്നു.

ശിപാർശ

3452-01-103-99 —ടൂറിസ്റ്റ് ഗതാഗത സേവനം

21-2 - മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ടൂറിസം വകുപ്പിനു കീഴിലുള്ള വാഹനങ്ങളാണ് ബഹു. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി, വി.വി.ഐ.പി എന്നിവർക്ക് നൽകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ഇൻഷ്വറൻസ് പുതുക്കുന്നതിനുമാണ് ഈ

ശീർഷകത്തിലെ തുക ഉപയോഗിക്കുന്നത്. എന്നാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 31)

സർക്കാർ സ്വീകരിച്ച നടപടി

10-1-2023 തീയതിയിലെ G.O.(Rt) No.196/2023 നമ്പർ ഉത്തരവ് പ്രകാരം 41,10,000 രൂപ അധിക വിഹിതമായി ലഭ്യമായിട്ടുണ്ട്.

ശിപാർശ

3452-80-001-99-02—ഭരണവും നടത്തിപ്പും - വേതനം

ടൂറിസം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാർട്ട്-ടൈം, കണ്ടിജന്റ്, ദിവസജോലിക്കാർക്കുള്ള വേതനം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം കഴിഞ്ഞ വർഷത്തെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 32)

സർക്കാർ സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ആകെ 111.94 ലക്ഷം രൂപ ചെലവായിട്ടുണ്ട്. അധികം ആവശ്യമായ തുക അനുവദിച്ചു കിട്ടിയിരുന്നു.

ശിപാർശ

3452-80-001-95 —ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

06 - വാടക, കരം, നികുതി

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ കെട്ടിട നികുതി കുടിശ്ശിക ഉൾപ്പെടെ ഏകദേശം 50,23,204 രൂപയോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ട്. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 39 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

23-8-2022 തീയതിയിലെ ഐ & ബി4-10863/2022 നമ്പർ കത്ത് പ്രകാരം അധിക ധനവിനിയോഗത്തിനായി 38,25,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

3452-80-800-22—<u>വി.വി.ഐ.പി .സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ</u>

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക - 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

24-6-2022 തീയതിയിലെ G.O.(Rt) No.4607/2022 ഉത്തരവ് പ്രകാരം 41,47,000 രൂപയും G.O.(Rt) No.4611/2022 ഉത്തരവ് പ്രകാരം 26,23,000 രൂപയും 31-8-2022 തീയതിയിലെ G.O.(Rt) No.6150/2022 ഉത്തരവ് പ്രകാരം 35,00,000 രൂപയും കൂടി ആകെ 10,270,000 രൂപ അധിക വിഹിതമായി ടി ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

**എ. കെ. ശശീന്ദ്രൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*